<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5838</u> <u>16-03-2023 - ൽ മറുപടിയ്ക്ക്</u>

<u>മില്ലുകൾക്ക് പ്രളയകാല നഷ്ടം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പ്രളയകാലത്ത് നെല്ല് സംഭരിച്ച മില്ലുകൾക്ക് നഷ്ടപരിഹാരമായി പത്തുകോടി രൂപ നൽകാമെന്ന് ധനകാര്യവകുപ്പ് മന്ത്രിയുടെയും ഭക്ഷ്യവകുപ്പ് മന്ത്രിയുടെയും സാന്നിധ്യത്തിൽ നടന്ന ചർച്ചയിൽ മില്ലുടമകൾക്ക് ഉറപ്പ് നൽകിയിരുന്നോ; | (എ) | **17.01.2023ന് ബഹു.ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.ധനകാര്യവകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യ ത്തിൽ മില്ലുടമകളുടെ പ്രതിനിധികളുമായി നടന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു.** |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ പ്രളയകാലത്ത് നെല്ല് സംഭരിച്ച് അരിയാക്കിയതിനുള്ള കൈകാര്യ ചെലവിനത്തിൽ മില്ലുടമകൾക്ക് സർക്കാർ പണം അനുവദിക്കുകയുണ്ടായോ; | (ബി) | നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഈ ഇനത്തിൽ എത്ര കോടി നൽകണമെന്നാണ് മില്ലുടമകളുടെ സംഘടന ആവശ്യപ്പെട്ടിട്ടുള്ളത്; മില്ലുടമകളുടെ ആവശ്യം ന്യായമാണെന്ന് സപ്ലൈകോ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായോ; | (സി) | **15.372 കോടി രൂപ നഷ്ടപരിഹാരമായി നൽകണമെന്നാണ് മില്ലുടമകൾ ആവശ്യപ്പെട്ടിരിക്കുന്നത്. 2018 ലെ പ്രളയത്തിൽ 60256.206 മെട്രിക് ടൺ നെല്ല് നശിച്ചിട്ടുണ്ടെന്നും ആയതിൽ സംഭരണ ചെലവ് ഇനത്തിൽ 15.372 കോടി രൂപ മില്ലുടമകൾക്ക് നഷ്ടമായിട്ടുണ്ടെന്നും സപ്ലൈകോയുടെ ടെക്നിക്കൽ കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്.** |
| (ഡി) | ഈ ഇനത്തിൽ പണം നൽകുന്നതിന് കേരള ബാങ്കിൽ നിന്നും വായ്പയെടുക്കുന്നതിന് തീരുമാനിക്കുകയുണ്ടായോ; എങ്കിൽ ആകെ എത്ര തുക എത്ര ശതമാനം പലിശ നിരക്കിൽ വായ്പയായി എടുക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്; | (ഡി) | മില്ലുകൾക്ക് പ്രളയ നഷ്ടപരിഹാരം നൽകുന്നതിനായി കേരള ബാങ്കിൽ നിന്നും വായ്പ എടുക്കാൻ തീരുമാനിച്ചിട്ടില്ല. |
| (ഇ) | സംസ്ഥാനത്ത് ആകെ എത്ര മില്ലുകൾ ആണ് ഇപ്രകാരം പ്രളയകാലത്ത് നെല്ല് സംഭരിച്ചത്; ഓരോ മില്ലും സംഭരിച്ച നെല്ലിന്റെ അളവ് എത്ര വീതം ആണെന്ന് അറിയിക്കുമോ; | (ഇ) | 2018 ആഗസ്റ്റ് മാസത്തിലാണ് പ്രളയംമൂലം സംഭരിച്ച നെല്ലും സംസ്കരിച്ച അരിയും നഷ്ടപ്പെട്ടത്. 2017-18 സീസണിലെ നെല്ല് സംഭരണം 2018 ജൂൺ മാസം അവസാനി ച്ചിരുന്നതിനാൽ ആഗസ്റ്റ് മാസം നെല്ല് സംഭരിക്കപ്പെട്ടിട്ടില്ല. 2017-18 സീസണിൽ 51 മില്ലുകൾ നെല്ല് സംഭരണത്തിൽ പങ്കെടുത്തിരുന്നു. അതിൽ 27 മില്ലുകളെയാണ് പ്രളയം ബാധിച്ചത്. പ്രളയം കാരണം നഷ്ടം |

| | | | |
|---|---|---|---|
| | | | സംഭവിച്ച എല്ലാ മില്ലുടമകൾക്കുമായാണ് 10 കോടി രൂപ നഷ്ടപരിഹാരം നൽകാമെന്ന് 17.01.2023ലെ യോഗത്തിൽ തീരുമാനിച്ചത്. 2017-18 സീസണിൽ മില്ലുകൾ സംഭരിച്ച നെല്ലിന്റെ കണക്ക് **അനുബന്ധ**മായി ചേർക്കുന്നു. |
| (എഫ്) | മില്ലുടമകൾക്കുള്ള നഷ്ടപരിഹാരത്തുക എപ്പോൾ വിതരണം ചെയ്യാനാകും എന്നാണ് സർക്കാർ കരുതുന്നത്; വ്യക്തമാക്കാമോ? | (എഫ്) | എത്രയുംവേഗം തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

Paddy Procurement 2017-2018 Season

| Sl. No. | Mill | Paddy Collected as per PRS |
|---|---|---|
| 1 | Empees Modern Rice Mill | 5233800 |
| 2 | Manna Rice Industries Pvt.Ltd | 1658094 |
| 3 | KE Agro Products Pvt Ltd | 11458236 |
| 4 | St. Marys Paddy Processing, Ktm | 4435215 |
| 5 | Aiswarya Agro Mills | 11601497 |
| 6 | Aiswarya Modern Rice Mill | 3377445 |
| 7 | Anna Agro Mills | 9876446 |
| 8 | Chirackal Modern Rice Mill | 7303401 |
| 9 | Chirakkal Agro Mill | 11577525 |
| 10 | Chirakkal Food Products | 14138798 |
| 11 | Diamond Food Products | 59011573 |
| 12 | Edappana Agro Mills | 5299789 |
| 13 | Edappana Rice mill | 884044 |
| 14 | Edathala MRM | 7578523 |
| 15 | Fransko Agro Foods | 3656705 |
| 16 | Geeyem Agromills | 11760340 |
| 17 | K and T Agro Mills | 12747122 |
| 18 | Kalpana Agro Mills | 9712337 |
| 19 | Kavery Modern Rice Mill | 10001135 |
| 20 | Keerthi Agro Mills Pvt. Ltd. | 15855033 |
| 21 | KKR Agro Mills | 26579992 |
| 22 | KKR MILLS | 12955458 |
| 23 | KSR Rice Mill | 704898 |
| 24 | Lakshmi Agro Mills | 9438381 |
| 25 | Marymatha Modern Rice Mill | 21615804 |
| 26 | Nambiattukudy Agro Industries | 8323511 |
| 27 | Nambiattukudy Agro Mills | 7310482 |
| 28 | Nambiattukudy Food and Spices | 8304309 |
| 29 | Nambiattukudy Modern Rice Mill | 3335271 |
| 30 | Nambiattukudy Rice Mill | 7457684 |
| 31 | Pallickal Agro Mills | 16942297 |
| 32 | Pallikkal agro tech | 9252054 |
| 33 | S N Rice Mill | 12067619 |
| 34 | St Marys Rice Mill KINFRA | 5065028 |
| 35 | St. George Rice Mill | 7391527 |
| 36 | Valanchery Agro Mills | 11211030 |
| 37 | Valookkaran Modern Rice Mill | 10070862 |
| 38 | Fathima Rice Milll | 1910614 |

| | | |
|---|---|---|
| 39 | PADDYMARK | 2982922 |
| 40 | Bismillah Rice Mill | 5827936 |
| 41 | Central Rice Mill | 1750664 |
| 42 | Irfan agro foods | 6047062 |
| 43 | Kollengode agro mills Pvt Ltd | 3313229 |
| 44 | KPM Agro Food Products | 9850652 |
| 45 | P.K.R. Modern Rice Mill | 2416235 |
| 46 | Paddyco | 5429158 |
| 47 | Parvathy Agro Mill | 10820799 |
| 48 | S S Rice Mill | 6682499 |
| 49 | Sneham Agro Mills | 11778800 |
| 50 | Sooraj Agro Mills | 14401983 |
| 51 | Sreedhar Rice Mill | 6059633 |
| | **Total** | **48,44,65,451.00** |